DESPATCHED On..9.1.6/2020
17. 3.2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.844(2)/2019/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.7036/എസ്.ഐ.സി-ജി 6/19
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.രജികുമാർ കെ
പുത്തൻപുരയ്ക്കൽ വീട്
നീണ്ടൂർ പി.ഒ
കോട്ടയം-686 601
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ജൂനിയർ സൂപ്രണ്ട്(എഫ് സെക്ഷൻ)
   താലൂക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ
   കോട്ടയം
2. അപ്പീൽ അധികാരി ആന്റ്
   തഹസീൽദാർ
   താലൂക്ക് ഓഫീസ്, കോട്ടയം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.12.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തെറ്റായ മറുപടി ലഭ്യമാക്കി എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 13.11.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 18.06.2018 ൽ കയ്യേറ്റം സംബന്ധിച്ച് നൽകിയ പരാതി പ്രകാരം, വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതു വരെ സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നുവെന്നും, അതിൻപ്രകാരം 11.10.2018 കോട്ടയം ജില്ലാ കളക്ടർക്കും പരാതി നൽകിയിരുന്നുവെന്നും ആയതുമായി ബന്ധപ്പെട്ട് ഇനം 1 ൽ സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുണ്ടോയെന്നും, ഇനം 2 ൽ സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടില്ലെങ്കിൽ കാരണമെന്താണ് എന്നു തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 04.12.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 11.01.2019 ൽ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി മറുപടി നൽകിയില്ല.
4. 04.02.2020 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയിൽ മൂന്നാമത്തെ വിവരമൊഴികെയുള്ള മറുപടി 04.12.2018 ന് നൽകിയെന്നും ടി മൂന്നാമത്തെ ചോദ്യപ്രകാരം 24.10.2018 ലെ താലൂക്ക് സർവ്വേയറുടെ റിപ്പോർട്ടിന്റെ പകർപ്പായിരുന്നുവെന്നും, ടി വിഷയവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ 24.10.2018 ൽ അളവ് നടന്നതായി കാണുന്നില്ലെന്നും, എന്നാൽ ടി ചോദ്യത്തിന് അന്നത്തെ എസ്.പി.ഐ.ഒ മറുപടി നൽകിയത് 23.04.2018 ലെ താലൂക്ക് സർവ്വേയറുടെ റിപ്പോർട്ടിന്റെ പകർപ്പ് ആണെന്നും, ടിയാൻ 11.01.2019 നൽകിയ അപ്പീൽ അപേക്ഷ കൈകാര്യം ചെയ്യുന്നത് അപ്പീൽ അധികാരിയായ തഹസീൽദാർ ആയതിനാൽ എന്ത് നടപടികൾ സ്വീകരിച്ചതെന്നും അറിയില്ലെന്നും, 31.01.2020 ൽ അപ്പീലിന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് 24.10.2018 ൽ സർവ്വേയർ അളന്നതിന്റെ ഡീറ്റെയിൽസ് ആയിരുന്നുവെന്നും എന്നാൽ 4–ാം മാസത്തിൽ അളന്ന വിവരമാണ് നൽകിയത് ആയത് തെറ്റായ മറുപടിയാണെന്നും, അപ്പീൽ നൽകിയപ്പോൾ തീർപ്പാക്കിയതായി കണ്ടെത്തിയിട്ടില്ലെന്നും കമ്മീഷൻ വീക്ഷിക്കുകയും, ടി ഫയൽ ഒന്നു കൂടി പരിശോധിച്ച് തെറ്റായ മറുപടി നൽകിയതിന് വിശദീകരണം നൽകണമെന്നും, പിശക് ഉണ്ടോയെന്ന് പരിശോധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുകയും, 04.02.2020 ന് എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചതിൽ 24.10.2018 ൽ താലൂക്ക് സർവ്വേയർ അളവ് എടുത്തതായി ഫയലിൽ കാണുന്നില്ലെന്നും, അപ്പീൽ അപേക്ഷയ്ക്ക് 31.01.2020 ന് മറുപടി നൽകിയെന്നുമാണ് ബോധിപ്പിച്ചത്. ടി റിപ്പോർട്ട് ഹർജിക്കാരന് നൽകാൻ നിർദ്ദേശിക്കുകയും. മേൽ നിർദ്ദേശ പ്രകാരം ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

es